

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

## Hazrat Amir'ul Momeneen Muhyi-ud-Din

## Munir Ahmad Azim

(A Summary of the Sermon)

4th January 2008

After Greetings everyone Salaam, and them reciting the Tashahhud, Ta'ouz & the Surah Al Fatiha, Hazrat Muhyi-ud-Din (A.T.B.A) said.

### Ch. 33 Al-Ahzaab V.4

وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا

**And put thy trust in Allah, and Allah is sufficient as a Guardian**

ഹസ്രത് അമീറുൽ മുഅ്മിനീൽ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം 2008 ജനുവരി 4നു നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തം

എല്ലാവരെയും സലാം കൊണ്ട് അഭിവാദ്യം ചെയ്ത് തശ്ശഹ്ദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഇവ ഓതിയ ശേഷം ഹസ്രത്ത് മുഹ്‌യ്ദ്ദീൻ ഇപ്രകാരം പറഞ്ഞു.

"കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുക. കാര്യനിർവ്വാഹ കനായി അല്ലാഹു മതിയായവനാണ്." (അൽ അഹ്സാബ് 33:4)

"നിങ്ങൾ നിങ്ങളുടെ പൂർണ്ണവിശ്വാസം അല്ലാഹുവിൽ ഭരമേ ല്പിക്കുക"എന്ന് നിങ്ങൾക്ക് ആരോടും പറയാൻ എളുപ്പം തന്നെ. ഈ പ്രപഞ്ചത്തിന്റെ ഒരേയൊരു സ്രഷ്ടാവും അല്ലാഹു ആണെ ന്നും, അതിന്റെ പൂർണ്ണനിയന്ത്രണവും, അധികാരവും അവന് മാത്ര മാണ് എന്ന് നമുക്കെല്ലാവർക്കും അറിയാം. നമ്മുടെ ജീവിതം അവന്റെ കൈകളിലാണ്. മനുഷ്യൻ ഏറെ ബലഹീനനാണ്. തീരെ നിസ്സാരമെന്നു തോന്നാവുന്ന ചെറിയ ഏതെങ്കിലും ബുദ്ധിമുട്ടുകളോ പ്രശ്നങ്ങളോ നേരിടേണ്ടി വരുമ്പോഴേക്കും ആകെ തളർന്നുപോ വുകയും, ആശങ്കകൾക്കും, ആകുലതകൾക്കും അടിമപ്പെട്ടു പോവു കയും ചെയ്യുന്നവരാണ് മനുഷ്യരിലേറെയും. ചില സമയത്ത് നാം

അല്ലാഹു ഇതൊന്നും കാണുന്നില്ലേ എന്ന് ചോദിക്കുകയും അല്ലാഹുവിനെ കുറ്റം പറയുകയും ചെയ്യും. അങ്ങേയറ്റം സംയമനം പാലിക്കുകയും, അവനിൽ ഭരമേല്പിച്ച് പ്രാർത്ഥനകളിലൂടെ അവനു മുമ്പിൽ നമ്മെ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തിട്ടും, ഞങ്ങളുടെ ദുആകൾ സ്വീകരിക്കപ്പെട്ടതായി കാണുന്നില്ലല്ലോ എന്നവർ പരിതപിക്കുകയും ചെയ്യും.

അതെ, ‘‘നിങ്ങൾ നിങ്ങളുടെ പൂർണ്ണവിശ്വാസം അല്ലാഹുവിൽ ഭരമേല്പിക്കുക’’എന്ന് വെറുതേ നാവുകൊണ്ട് പറയാനെളുപ്പമാണ്. പക്ഷേ, ഈ സംഗതി സങ്കീർണ്ണമായ ഒന്നാണ്. അതുകൊണ്ട് വിശദീകരിക്കുവാൻ ബുദ്ധിമുട്ടേറിയതുമാണ്. തീരെ ചെറിയ ഈ സൂക്തത്തെക്കുറിച്ച് ആഴത്തിൽ വിശകലനം ചെയ്യുമ്പോൾ ഏറെ പറയാനുണ്ട്. വിശ്വാസം എന്നത് ഏതെങ്കിലും ഒരു വിഷയത്തെ മാത്രം സംബന്ധിച്ചുള്ളതല്ല, മറിച്ച് മനുഷ്യന്റെ ജീവിതത്തിലെ എല്ലാ തലത്തിലൂടെയും കടന്നുപോകുന്ന ഒന്നാണത്. നാം അവനെ എത്രത്തോളം ആശ്രയിക്കുന്നു- അവനിൽ ഭരമേല്പിക്കുന്നു- എന്നു പരീക്ഷിക്കുന്നതിനു വേണ്ടി അല്ലാഹു നമുക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകളും നല്കുന്നു.

ഉദാഹരണമായി, സൂറ അൽ അഹ്സാബിൽ ആദ്യസൂക്തത്തിൽ അല്ലാഹു(ത)മുഹമ്മദ് നബി(സ)യോട് അല്ലാഹുവിന്റെ കല്പനകൾ, നിർദ്ദേശിച്ചാൽ മതിയെന്നും, അവിശ്വാസികളേയും കപടവിശ്വാസികളെയും അനുസരിക്കേണ്ടതില്ലായെന്നും നിർദ്ദേശിക്കുന്നു.

ഇതിനു കാരണം, അവർ എന്തിനേയും, അല്ലാഹുവിന്റെ സൃഷ്ടികളെ -ദൈവങ്ങളായി കരുതുന്നവരായതിനാലാണ്. അത്തരം ആൾക്കാരാണ് അവിശ്വാസികൾ. അവർ അല്ലാഹുവിന്റെ അടയാളങ്ങളേയും, ദൃഷ്ടാന്തങ്ങളെയും തിരിച്ചറിയുന്നില്ല. അങ്ങനെ അവർ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ അവർ ഒരിക്കലും അല്ലാഹുവിനു നേരെ പുറംതിരിയുകയില്ലായിരുന്നു. മറിച്ച്, അവർ അല്ലാഹുവിനെ ഭയപ്പെട്ടേനെ. ഇത് സൂചിപ്പിക്കുന്നത് തിരുനബി(സ)യെ പിന്തുടർന്നവരിൽ ചിലർ കപടവിശ്വാസികളും അവിശ്വാസികളും ആയിരുന്നു എന്നാണ്. അവർ വിശ്വാസികളാണ് എന്ന് നടിക്കുക മാത്രമാണ് ചെയ്തിരു

ന്നത്. അവരുടെ ഹൃദയങ്ങളിൽ അവർ മറച്ചുവച്ചത് അല്ലാഹു നന്നായി അറിഞ്ഞിരുന്നു.

അവർ തിരുനബി(സ)യെ ചുറ്റിപ്പറ്റി നില്ക്കുകയും, വെളിപാടുകളും, തിരുനബി(സ)യുടെ ഉപദേശങ്ങളും സശ്രദ്ധം ശ്രവിക്കുകയും ചെയ്യും. എന്നിട്ട്, തങ്ങളുടെ സ്വന്തക്കാരുടെ അടുത്താകുമ്പോൾ തിരുനബി(സ)യെ കളിയാക്കുകയും, കാര്യങ്ങൾ വളച്ചൊടിച്ച് പറയുകയും ചെയ്യും. ഇത്തരം ആളുകൾ ചാരന്മാരത്രേ. ആരൊക്കെയാണ് വിശ്വാസികൾ എന്നും, ആരൊക്കെയാണ് അവിശ്വാസികൾ എന്നും അല്ലാഹു നന്നായി അറിയുന്നു. തങ്ങളുടെ സ്രഷ്ടാവിനോടൊപ്പം ആരാധനയിൽ പങ്കുകാരെ ചേർക്കുന്ന ഇത്തരം ആൾക്കാരെ–ബഹുദൈവവിശ്വാസികളെ പറ്റിയാണ് അല്ലാഹു വിവരിക്കുന്നത്. അല്ലാഹു താൻ എല്ലാമറിയുന്നവനും, യുക്തിജ്ഞനും ആകുന്നു എന്ന്, നമ്മെ ബോധ്യപ്പെടുത്തുകയാണ് ഇവിടെ.

രണ്ടാമത്തെ സൂക്തത്തിൽ, അല്ലാഹു(ത) തിരുനബി(സ)യോട് നിന്റെ നാഥനിൽ നിന്ന് നിനക്ക് ദിവ്യവെളിപാടായി നല്കപ്പെടുന്നത് നീ പിന്തുടർന്നാൽ മതി എന്ന നിർദ്ദേശം നല്കുന്നു. തിരുനബി(സ) തനിക്കു ചുറ്റുമുള്ളവരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതില്ല എന്നും അല്ലാഹു പറയുന്നു. അവരുടെ പരാതികളും, അഭിപ്രായങ്ങളുമൊക്കെ കേൾക്കാം. പക്ഷേ, അവരുടെ നിർദ്ദേശം പാലിക്കണം എന്ന് അതിന് അർത്ഥമില്ല. അല്ലാഹു അദ്ദേഹത്തെ പ്രവാചകനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹം തന്റെ യജമാനനെ അനുസരിക്കണം, ദൈവീക കല്പനകൾ പാലിക്കുകയും വേണം. അല്ലാഹു സർവ്വജ്ഞനാകുന്നു. തന്റെ ദാസന്മാർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനുമാകുന്നു.

ഒന്നാം ഭാഗത്ത് തിരുനബി(സ)യ്ക്കുള്ള കല്പനയാണ്. ഇവിടെ അല്ലാഹു അദ്ദേഹത്തോട് തന്റെ (അല്ലാഹുവിന്റെ) നിർദ്ദേശങ്ങൾ മാത്രം പിന്തുടർന്നാൽ മതി എന്ന് കല്പിക്കുന്നു. ഈ കല്പന നല്കിയ ശേഷം മാത്രമാണ് താൻ എല്ലാം അറിയുന്നവനാണ്–ഈ അവിശ്വാസികൾ തിരുനബി(സ)യുടെ ശ്രദ്ധതിരിയ്ക്കാനും, തങ്ങൾ അല്ലാഹുവിന്റെ ഏകത്വത്തിലും, അവനിൽ നിന്നും ലഭിക്കുന്ന വെളി

പാടുകളിലും ദൃഢമായി വിശ്വസിയ്ക്കുന്നവരാണ് എന്ന തെറ്റായധാരണ തിരുനബി(സ)യിൽ ഉണ്ടാക്കാനുമുള്ള ശ്രമത്തിലാണ് എന്ന വസ്തുത-എന്ന് അല്ലാഹു തിരുനബി(സ)യെ ഓർമ്മപ്പെടുത്തുന്നത്. വാസ്തവത്തിൽ, വിശ്വാസവഞ്ചകർ ഒരിക്കലും തങ്ങളുടെ യജമാനരോട് വിശ്വസ്തത പുലർത്തുകയില്ല.

ഒരു യഥാർത്ഥവിശ്വാസി സദാ തന്റെ യജമാനരെ തിരുനബി(സ)യെ അനുസരിയ്ക്കുകയും അദ്ദേഹം (ദിവ്യവെളിപാടുകൾ അല്ലെങ്കിൽ ദൈവീക കല്പനകൾ വഴി ലഭിച്ചവ) തന്നിലേല്പിച്ച ഓരോ ജോലിയും പൂർത്തിയാക്കുവാനും ശ്രമിയ്ക്കുകയും ചെയ്യും. എന്നാൽ, അല്ലാഹുവിന്റേയും, അവന്റെ പ്രവാചകന്റെയും കല്പനകളേയും നിർദ്ദേശങ്ങളെയും അനുസരിയ്ക്കാതെ വരുമ്പോൾ, തിരുനബി(സ)യെ അത് വേദനിപ്പിക്കുകയും, വിഷമിപ്പിക്കുകയും ചെയ്യും.

അതിനാലാണ് മൂന്നാമത്തെ സൂക്തം അദ്ദേഹത്തെ ആശ്വസിപ്പിക്കുന്ന തരത്തിൽ വന്നിരിക്കുന്നത് അല്ലാഹു പറഞ്ഞിരിക്കുന്നു; കാര്യങ്ങൾ അല്ലാഹുവിൽ ഭരമേല്പിക്കുക; കാര്യനിർവ്വാഹകനായി അല്ലാഹു മതിയായവനാണ്. അല്ലാഹു നിങ്ങളുടെ എല്ലാ പ്രശ്നങ്ങളെയും, ബുദ്ധിമുട്ടുകളെയും നോക്കിക്കൊള്ളും. അതിന് അദ്ദേഹം ചെയ്യേണ്ട ഒരേയൊരു കാര്യം അല്ലാഹുവിൽ ഭരമേല്പിക്കുക എന്നതു മാത്രമാണ്. ഇത് തീരെ നിസ്സാരമായ ഒരു സൂക്തമല്ല. വിശുദ്ധഖുർആനിൽ വിവിധ അധ്യായങ്ങളിലായി അല്ലാഹു ഈ സൂക്തം പല തവണ ആവർത്തിയ്ക്കുന്നുണ്ട്. ഇത്രയേറെ തവണ ആവർത്തിച്ചിട്ടും, ആളുകൾ, തങ്ങൾക്ക് പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ, ഈ വിശ്വാസം കൈമോശം വന്ന് ആത്മധൈര്യം ചോർന്നവരായി മാറുന്നു. നമ്മൾ ആരും തന്നെ, അല്ലാഹുവിലുള്ള വിശ്വാസം(അവൻ എനിക്കുമതിയായവനാണ്) നഷ്ടപ്പെട്ട് വിഷാദത്തിനടിമപ്പെട്ടുപോകുന്നവരായി തീരരുത്. അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ച്, ദൃഢവിശ്വാസത്തോടെ ഉണർന്നെണീക്കുവാൻ ശേഷിയുള്ളവരായി മാറണം. അങ്ങനെ അല്ലാഹുവിനെ നാം സദാ ഹൃദയത്തിൽ സ്വാംശീകരിച്ച്, അവനിൽ ഭരമേല്പിച്ച് ദൃഢനിശ്ചയത്തോടെ പൊരുതാവാൻ ഉറപ്പിക്കുമ്പോൾ, അല്ലാഹു അവന്റെ ആയിരക്കണ

ക്കിനു മാലാഖമാരെ, നമ്മെ സഹായിക്കുന്നതിനായി അയച്ചുതരും, അല്ലാഹു സർവ്വശക്തനാകുന്നു.

നാം സദാ നമ്മുടെ വിശ്വാസം എല്ലാ അവസരത്തിലും അല്ലാഹുവിൽ ഭരമേല്പിക്കണം, പീഡനങ്ങൾക്കും, കളിയാക്കലുകൾക്കും, ആരോപണങ്ങൾക്കും, പരിഹാസങ്ങൾക്കും, കുറ്റപ്പെടുത്തലുകൾക്കും വിധേയരാകേണ്ടി വരുമ്പോഴൊ, അതുപോലെയുള്ള മറ്റേതെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്ന വേളയിലൊ, ഇതു മറക്കാതിരിക്കുക. അങ്ങനെ അവനിൽ പരിപൂർണ്ണ വിശ്വാസം അർപ്പിക്കുമ്പോൾ, അല്ലാഹു തന്റെ കരങ്ങളാൽ തന്നെ ഈ വിഷമതകളെ നീക്കിത്തരുന്നതാണ്. പക്ഷേ, ഇങ്ങനെ അല്ലാഹുവിന്റെ കരങ്ങളിൽ ഭരമേല്പിക്കുമ്പോൾ നമുക്കേതെങ്കിലും തരത്തിലുള്ള സംശയങ്ങളുണ്ടെങ്കിൽ, (അതായത് അല്ലാഹു ഇക്കാര്യത്തിൽ ഇടപെടുമോ, ഇല്ലയോ എന്നൊക്കെ) അതിനെയാണ് അല്ലാഹുവിൽ വിശ്വാസമില്ലായ്മ എന്നു പറയുന്നത്, അങ്ങനെയുള്ള അവസരത്തിൽ അല്ലാഹു നിങ്ങൾക്കു നേരെ പുറംതിരിയുകയും, നിങ്ങൾ ബുദ്ധിമുട്ടുകളാൽ നട്ടം തിരിയുകയും ചെയ്യും.

എന്നാൽ ഏതെങ്കിലും ഒരു കാര്യം ചെയ്യുന്നതിന്– അതൊരു ദീനിജോലിയോ, വീട്ടുജോലിയോ, അതുമല്ലെങ്കിൽ അയൽവാസിയ്ക്കൊരു സഹായം ചെയ്തുകൊടുക്കുന്നതോ ആകട്ടെ–നിങ്ങൾ നിശ്ചയിക്കുകയും, അത് ശരിയായ തീരുമാനമാണ് എന്ന ബോധത്തിൽ ഉത്സാഹത്തോടെയും 100%വും നിങ്ങളെ അല്ലാഹുവിൽ ഭരമേല്പിച്ചു കൊണ്ടും ആ ജോലി ചെയ്യുമ്പോൾ അല്ലാഹു അതിനെ ഒരു പരിപൂർണ്ണ വിജയമാക്കി മാറ്റുന്നതാണ്. മറ്റുള്ളവരുടെ അഭിപ്രായത്തിനെപ്പറ്റി ഓർത്ത് സമയം കളയേണ്ടതില്ല. വിജയകവാടം നിങ്ങൾക്കായി തുറന്നിട്ടിരിക്കുന്നത് നിങ്ങൾ കാണുക തന്നെ ചെയ്യും.

ഇതിനുദാഹരണം എന്റെ മുന്നിൽത്തന്നെയുണ്ട്. റോസ് ഹില്ലിൽ മുകൾനില പണിയണമെന്ന് (ദൈവീക കല്പനയുടെ അടിസ്ഥാനത്തിൽ) ഞാൻ അതിയായി ആഗ്രഹിച്ചിരുന്നു. എനിക്ക് ഇതു സംബന്ധമായ ഒരു ആഗ്രഹവും ദൃഢനിശ്ചയവും, അല്ലാഹുവിലുള്ള

അടിയുറച്ച വിശ്വാസവും ഇല്ലായിരുന്നുവെങ്കിൽ, ഈ ദൈവീക കല്പന പൂർത്തിയാക്കുന്നതിന് അല്ലാഹു തന്റെ അനുഗ്രഹങ്ങൾ കോരിച്ചൊരുയുമായിരുന്നുവെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? അന്ന് ഞങ്ങളുടെ കയ്യിൽ ഒരു നയാപൈസപോലും ഉണ്ടായിരുന്നില്ല. തട്ടീയുംമുട്ടിയുമാണ് ഞങ്ങൾ വീടുപണി തുടങ്ങിയത്. പക്ഷേ, അല്ലാഹുവിൽ പൂർണ്ണ വിശ്വാസമർപ്പിയ്ക്കാതെ പാതിവഴിയിൽ ഇത് ഞങ്ങളുപേക്ഷിച്ചിരുന്നുവെങ്കിൽ, എന്തുസംഭവിക്കുമായിരുന്നു? അത് അപൂർണ്ണമായി തന്നെ നിലകൊണ്ടേനെ. അതുപോലെ അതിന്റെ നിർമ്മാണവേളയിലൂടെ അല്ലാഹുവിന്റെ ദൃഷ്ടാന്തം വെളിപ്പെടുന്നതിന് ഞങ്ങൾക്ക് സാക്ഷിയാകുവാനും സാധിക്കുമായിരുന്നില്ല. ഇത് അല്ലാഹുവിൽ നിന്നുള്ള ഔദാര്യമല്ലാതെ മറ്റെന്താണ്?

റോസ്ഹില്ലിലെ നിർമ്മിതിയുടെ രൂപത്തിൽ അല്ലാഹു ഞങ്ങൾക്ക് ഒരുദാഹരണം കാട്ടിത്തന്നു. അത് വെറുമൊരു ഉദാഹരണമായിരുന്നില്ല, മറിച്ച് തന്റെ വിനീത ദാസനെ അല്ലാഹു എങ്ങനെയൊക്കെ സഹായിക്കുമെന്ന്, ഞങ്ങൾക്കും മറ്റുള്ള ആൾക്കാർക്കും കാണിച്ചു തന്ന, അല്ലാഹുവിൽ നിന്നുള്ള ഒരടയാളമായിരുന്നു.

നോർത്ത് മൗറിഷ്യസിൽ നിർമ്മിച്ച വസതിയുടെ കാര്യത്തിലും ഇതേപോലെ തന്നെയാണ് സംഭവിച്ചത്. കാശിന്റെ കുറവുകൊണ്ട്. തുടക്കത്തിൽ ഞങ്ങൾ തടികൊണ്ടുള്ള വീടുനിർമ്മിച്ച് ഇരുമ്പ് തകിട് പാകിയെടുക്കാമെന്നാണ് വിചാരിച്ചിരുന്നത്. പക്ഷേ, അല്ലാഹുവിന്റെ കല്പനകൾ പാലിക്കണമെന്ന ദൃഢനിശ്ചയം ഞങ്ങൾക്കുണ്ടായിരുന്നതിനാൽ അല്ലാഹു ഞങ്ങളെ അനുഗ്രഹിച്ചു. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളെക്കുറിച്ച് ധാരാളം ആളുകൾ എന്നോട് സംശയങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നത്. സത്യമെന്താണ് എന്നറിയാത്തതിനാൽ അവരുടെയുള്ളിൽ സംശയമുടലെടുക്കുകയും, ഇതൊക്കെ പണിയാനുള്ള കാശ് ഇദ്ദേഹത്തിന് എവിടെ നിന്നു കിട്ടി? തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നു. അല്ലാഹുവിൽ പൂർണ്ണ

മായി ഭരമേല്പിക്കുകയും, അവന്റെ കല്പനകളെ മാത്രം അനുസരിയ്ക്കുകയും ചെയ്തപ്പോൾ അല്ലാഹു നമുക്കെല്ലാം സാധ്യമാക്കിത്തന്നു. ഇവയൊക്കെ അല്ലാഹുവിന്റെ മഹത്തായ ഔദാര്യങ്ങളും, അവനിൽ നിന്നുമുള്ള ദിവ്യാത്ഭുതങ്ങളുമല്ലാത്ത മറ്റെന്താണ്?

തുടർന്ന്, ബൈത്തുൽ ദിക്ർ നിർമ്മിയ്ക്കുവാനുള്ള കല്പന അല്ലാഹുവിൽ നിന്നും ലഭിച്ചു. ഞങ്ങളുടെ കയ്യിൽ കാശുണ്ടായിരുന്നില്ല! കാശ് മുഴുവൻ തീർന്നിരുന്നു എന്നിട്ടും ഞങ്ങൾ അല്ലാഹുവിൽ പരിപൂർണ്ണമായി ഭരമേല്പിച്ച്, അവന്റെ കല്പനയനുസരിയ്ക്കുകയാണ് ചെയ്തത്. അല്ലാഹുവിന്റെ സന്ദേശത്തിന് ലബ്ബയ്ക്ക് പറഞ്ഞ് അന്നു പണി തുടങ്ങിയ ബൈത്തുൽദിക്റിൽ ഇന്ന് നമ്മൾ രാവും പകലും അവന്റെ സ്തുതികളാൽ മുഖരിതമാകുന്നു. ഇത് തീർച്ചയായും ഒരു ദൈവീക ഔദാര്യവും അവന്റെ ദിവ്യാത്ഭുതവും തന്നെയാണ്. ഇന്ന് ഇപ്പോൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന അതിഥികളെ സ്വീകരിക്കത്തക്ക വിധമുള്ള എല്ലാ സൗകര്യങ്ങളും അല്ലാഹു ഇവിടെ നല്കി അനുഗ്രഹിച്ചിരിക്കുന്നു.

ചുരുക്കത്തിൽ, നാം ചെയ്യേണ്ടത് ഇത്രമാത്രമാണ്. അല്ലാഹുവിന്റെ കല്പനകളെ അക്ഷരം വിടാതെ അനുസരിക്കുക. അവനിൽ പൂർണ്ണമായി വിശ്വസിക്കുക. സുഖത്തിലും, ദുഃഖത്തിലും, ക്ഷമ അവലംബിക്കുകയും, എല്ലാം അവനിൽ ഭരമേല്പിക്കുകയും, അവന്റെ കല്പനകളെ പാലിക്കുകയും ചെയ്താൽ, അത്തരം ഭക്തദാസരെ അല്ലാഹു തന്റെ കരവലയത്തിലാക്കുകയും, അവരുടെ എല്ലാ ആവശ്യങ്ങളും നിവർത്തിച്ചുകൊടുക്കുകയും ചെയ്യും. അൽഹംദുലില്ലാഹ്

പല തരത്തിലുള്ള അന്വേഷണങ്ങളുമുണ്ടായിരുന്നു എന്റെ പിന്നാലെ. ഞാൻ ഒരു ഭിക്ഷാടകനെ പോലെ കെട്ടിടനിർമ്മാണത്തിനുള്ള കാശിനായി ഭിക്ഷ യാചിച്ചു നടക്കുന്നു എന്നു പറഞ്ഞുപരത്തിയ ആളുകളുമുണ്ടായിരുന്നു. കൂട്ടത്തിൽ മറ്റുള്ളവരെ ദുഷിയ്ക്കാൻ പാടില്ല എന്ന് പറയുന്നവർ തന്നെ മറ്റുള്ളവരെ പറ്റി ചുഴിഞ്ഞന്വേഷിക്കുന്നത് കാണാനും ഇടയായി. അനിസ്ലാമികമായ തങ്ങളുടെ പ്രവൃത്തികളിലൂടെ, അത്തരം ആൾക്കാർ തന്നെയാണ് മോശക്കാ

രായി മാറിയത്. ഇവർ തന്നെയാണ് ഈ വീനിതദാസനെക്കുറിച്ച്, അല്ലാഹുവിൽ നിന്നുള്ള ദിവ്യാത്ഭുതങ്ങൾക്ക് സാക്ഷിയായി എന്ന് പറഞ്ഞ് നടന്നതും.


ഇത്തരത്തിലുള്ള ആൾക്കാരെ നാമൊരിയ്ക്കലും മാതൃകയാക്കരുത്. നമ്മുടെ യഥാർത്ഥമാതൃക മനുഷ്യകുലത്തിന്റെ മകുടമായ ഹസ്രത്ത് മുഹമ്മദ് (സ)തന്നെയാകണം. അതുകൊണ്ടാണ്, നിങ്ങൾ പരിപൂർണ്ണമായി അല്ലാഹുവിൽ വിശ്വസിക്കുകയും, നിങ്ങളെ പൂർണ്ണമായും അവനിൽ ഭരമേല്പിക്കുകയും ചെയ്യുകയെന്ന് ഞാൻ പറയുന്നത്, നിങ്ങളുടെ കർമ്മങ്ങൾ ചെയ്യണമെന്ന് പറയുന്നത് നിങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചാൽ എന്തെല്ലാം പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടി വന്നാലും ശരി, അല്ലാഹുവിൽ ഭരമേല്പിച്ച–പൂർണ്ണമായി വിശ്വസിച്ച–കാരണത്താൽ, എല്ലാ കഷ്ടതകളും മാറ്റി, നമ്മെ അല്ലാഹു വിജയത്തിലെത്തിക്കുന്ന കാഴ്ച കാണാൻ കഴിയുന്നതാണ്.

ഇതാണ് ശരിയായ പാത. അല്ലാഹുവിന്റെ കല്പന പ്രകാരം വിശുദ്ധഖുർആനിലെ ഈ സൂക്തമനുസരിയ്ക്കുകയും, ജീവിതത്തിൽ പാലിക്കുകയും ചെയ്യുക. നമ്മൾ വെറുതെ നമ്മളെ അല്ലാഹുവിൽ ഭരമേല്പിച്ച്, കർമ്മങ്ങൾ ചെയ്യാതിരുന്നിട്ട് ഒരു കാര്യവുമില്ല. അല്ലാഹു നമ്മെ അനുഗ്രഹിയ്ക്കുകയേയില്ല. കപടവിശ്വാസികളും, അവിശ്വാസികളുമായ ആൾക്കാരെ പോലെ അവർ എന്താണ് ചെയ്തുകൊണ്ടിരുന്നത്? അവർ സദാ തിരുനബി(സ)യെ നിരുത്സാഹപ്പെടുത്തുന്നതിനും, അല്ലാഹുവിൽ തവക്കൽ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതിനും വേണ്ടി ശ്രമിയ്ക്കുകയായിരുന്നു. അവർക്ക് അല്ലാഹുവിൽ ഒരു വിശ്വാസവും ഉണ്ടായിരുന്നില്ല. ആയതിനാൽ നമ്മൾ ഒരിയ്ക്കലും ഇത്തരം ആൾക്കാരിൽപ്പെട്ടു പോകരുത്. (അല്ലാഹുവിൽ വിശ്വസിക്കുകയോ, ഭരമേല്പിക്കുകയോ ചെയ്യാത്ത ഇവർ അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റേയും ശത്രുക്കളാണ്)

തിരുനബി(സ) കാലത്തുണ്ടായിരുന്നതുപോലെയുള്ള ഇത്തരം

ആൾക്കാർ, എല്ലാ കാലഘട്ടത്തിലും ഉണ്ട്. അവർ വന്ന് നമ്മളെയും നമ്മുടെ വിശ്വാസത്തെയും സ്വാധീനിച്ച്, നമ്മളിൽ ആശയക്കുഴപ്പ വും, സംശയവും സൃഷ്ടിക്കും. തിരുനബി(സ) ദരിദ്രനായിരുന്നു– എന്നിട്ടും അദ്ദേഹം മറ്റുള്ളവരെ സഹായിച്ചു. അദ്ദേഹത്തിന്റെ കയ്യിൽ ഒന്നുമുണ്ടായിരുന്നില്ല. എന്നിട്ടും, എന്തുകൊണ്ടാണിങ്ങനെ? അതിനു കാരണം അദ്ദേഹം അല്ലാഹുവിൽ തവക്കൽ ചെയ്തതാ ണ്. അവിശ്വാസികളുടെ കോപ്രായങ്ങളിൽ വേവലാതിപ്പെടാൻ അദ്ദേഹം നിരാശനായതുമില്ല. ചുറ്റുമുള്ളവരുടെ കണ്ണിൽ അദ്ദേഹം ഒരു വട്ടപ്പൂജ്യം ആയി തോന്നിയെങ്കിലും, അല്ലാഹുവിന്റെ ദൃഷ്ടി യിൽ അദ്ദേഹം ധന്യാഢൻ ആയിരുന്നു. ആയതിനാൽ, എന്നെ കേട്ടു കൊണ്ടിരിക്കുന്ന എന്റെ പ്രീയ സഹോദരന്മാരെ, സഹോദരിമാരെ നിങ്ങൾ നിങ്ങളെ അല്ലാഹുവിൽ മാത്രം ഭരമേല്പിക്കുക. അങ്ങനെയാകുകിൽ നിങ്ങൾക്ക് ജീവിതവിജയം നേടാനാകും.

നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അല്ലാഹുവിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും, അവനിൽ മാത്രം നമ്മളെ ഭര മേല്പിക്കുകകയും ചെയ്യുകയാണെങ്കിൽ വിജയവും, ഐശ്വര്യവും പേറിയ അല്ലാഹുവിന്റെ കരങ്ങൾ നിങ്ങൾക്ക് അനുഭവവേദ്യമാകും. ക്ഷമയും, സംയമനവും പാലിച്ച് പരിശ്രമിയ്ക്കുന്നവന്റെ കാര്യം നോക്കുന്നതിന് അല്ലാഹു ഏറ്റവും മതിയായവനത്രേ. നമുക്കേ വർക്കും നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും, അല്ലാഹു വിനെ ഭരമേല്പിയ്ക്കുന്നതിനുള്ള വിശ്വാസദാർഢ്യവും, ധൈര്യവും നല്കി അല്ലാഹു അനുഗ്രഹിയ്ക്കുമാറാകട്ടെ. ആമീൻ.




***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***